**കേരള സർക്കാർ**

നം.451/എഫ്.എം2/2015/ത.സ്വ.ഭ.വ.

തദ്ദേശസ്വയംഭരണ (എഫ്.എം.) വകുപ്പ്
തിരുവനന്തപുരം, തീയതി: 17.12.2015

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമപഞ്ചായത്ത് - അസാധാരണ ചെലവുകൾ പൊതു പരിധി- കർശനമായി പാലിക്കണമെന്ന നിർദ്ദേശം - സംബന്ധിച്ച്.

സൂചന:- സ.ഉ.(എം,എസ്) നം.58/2006/തസ്വഭവ തീയതി 16.02.2006.

അധികാര വികേന്ദ്രീകരണ തത്വങ്ങളുടെ അന്തസത്തയ്ക്കനുസൃതമായി ഗ്രാമപഞ്ചായത്തുകൾ കലാ സാംസ്കാരിക മത്സരങ്ങൾ, കായിക വിനോദങ്ങൾ പഞ്ചായത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചടങ്ങുകൾ, കലാ-സാസ്കാരിക പ്രദർശനങ്ങൾ, പഞ്ചായത്ത് ആസ്തികളുടെ ഉദ്ഘാടനം തുടങ്ങിയവയ്ക്കായുള്ള അസാധാരണ ചെലവുകൾ തനത് വരുമാനത്തിന്മേലുള്ള മിച്ച ഫണ്ടിന്റെ ഇരുപത് ശതമാനം വരെയും എന്നാൽ ഒരു ലക്ഷം രൂപയിൽ കവിയാതെയും വഹിക്കുന്നതിന് വാർഷിക പരിധി നിശ്ചയിച്ച് സൂചന പ്രകാരം അനുമതി നൽകിയിരുന്നു.

എന്നാൽ ചില ഗ്രാമപഞ്ചായത്തുകൾ തനത് ഫണ്ടിൽ നിന്നും സൂചനയിലെ സർക്കാർ ഉത്തരവിലെ ചെലവ് പരിധിയിൽ അധികരിച്ച് തുക ചെലവഴിക്കുകയും പിന്നീട് ആയത് സാധൂകരിക്കാൻ സർക്കാരിനെ സമീപിക്കുകയും ചെയ്തുവരുന്നു. ഇത് ഗുരുതരമായ വീഴ്ചയായി സർക്കാർ കാണുന്നു. ഇത്തരം ലംഘനങ്ങൾ ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

പ്രത്യുൽപാദനപരമല്ലാത്ത ഇത്തരം ചെലവുകൾക്ക് ക്രമാതീതമായി തുക ചെലവഴിക്കുന്ന പ്രവണത അംഗീകരിക്കാൻ നിർവ്വാഹമില്ല. ആയതിനാൽ മുകളിൽ പരാമർശിച്ചിരിക്കുന്ന അസാധാരണ ചെലവുകൾക്ക് സൂചനയിലെ സർക്കാർ ഉത്തരവിലെ ചെലവ് പരിധി കർശനമായി പാലിക്കേണ്ടതാണ്. ഈ പരിധിയിൽ അധികമായി ചെലവഴിച്ചാൽ പ്രസ്തുത തുക ബന്ധപ്പെട്ടവരുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

പി. റംലത്ത്,
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പകർപ്പ് ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കേണ്ടതാണ്)
എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എൽ,ബി.എ & എ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.